കെ. എസ്. ആർ. ടി. സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

*13 [496] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്: വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സഹകാര്യമേഖലയുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) ബസ്സ് സ്റ്റേഷനുകളിൽ മെച്ചപ്പെട്ട ടോയ്‌ലറ്റ് സൗകര്യങ്ങൾ നൽകുക, വിശ്രമമുറികളും സ്ത്രീകൾക്ക് പ്രത്യേകമായ വെയിറ്റിംഗ് റൂമുകളും നൽകുക, ബസ്സ്റ്റേഷൻ യാർഡുകൾ കോൺഗ്രീറ്റ് ചെയ്യുക മുതലായ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇത് സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടന്നുവരുന്നു.

കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷന്റെ പ്രവർത്തനങ്ങൾ

*14 [497] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. കെ. മണി:
,, ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എൻ. ശക്തൻ:
,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(ബി) ഗൾഫ് രാജ്യങ്ങളിലേക്ക് യാത്രക്കാരെ കൊണ്ടുപോകുന്നതിന് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ ഈ കോർപ്പറേഷന് ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly